**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5255** **04-07-2024 - ൽ മറുപടിയ്ക്ക്**

**സ്മാരകങ്ങളും മ്യൂസിയങ്ങളും സംരക്ഷിക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്മാരകങ്ങളും മ്യൂസിയങ്ങളും സംരക്ഷിക്കുവാൻ പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാന പുരാവസ്തു വകുപ്പ് 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള സ്മാരകങ്ങളുടെയും മ്യൂസിയങ്ങളുടെയും സംരക്ഷണത്തിനായുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. തക്കല പത്മനാഭപുരം കൊട്ടാര സമുച്ചയത്തിലെ പുത്തൻ കൊട്ടാരത്തിന്റെ സമഗ്ര സംരക്ഷണ പ്രവർത്തനങ്ങൾ.<br><br>2. തിരുവനന്തപുരം കിഴക്കേ കോട്ടവാതിലിന്റെ സമഗ്ര സംരക്ഷണ പ്രവർത്തനങ്ങൾ.<br><br>3. തൃശ്ശൂർ കൊല്ലംകോട് ഹൗസിന്റെ അടിയന്തര സംരക്ഷണ പ്രവൃത്തികൾ.<br><br>4. സംരക്ഷിത സ്മാരകങ്ങളായ തിരുവനന്തപുരത്തെ വടക്കേ കോട്ട, തെക്കേ കോട്ട, അഴിക്കോട്ട, പടിഞ്ഞാറേ കോട്ട എന്നിവിടങ്ങളിലെ സമഗ്രമായ സംരക്ഷണ പ്രവർത്തനങ്ങൾ.<br><br>5. സംരക്ഷിത സ്മാരകമായ തൃശ്ശൂർ വേലൂർ സെന്റ് ഫ്രാൻസിസ് സേവ്യർ ഫെറോനാ പള്ളിയുടെ കവാടം, തൃശ്ശൂർ വേലൂരിലുള്ള അർണോസ് പാതിരിയുടെ പുരാതന ഭവനം എന്നിവയുടെ അടിയന്തര സംരക്ഷണപ്രവൃത്തികൾ.<br><br>6. തിരുവനന്തപുരം നെയ്യാറ്റിൻകരയിലെ സംരക്ഷിത സ്മാരകമായ അരുവിക്കര ശാസ്താ ക്ഷേത്രത്തിന്റെ സംരക്ഷണ പ്രവൃത്തികൾ.<br><br>7. സംരക്ഷിത സ്മാരകമായ കാസർഗോഡ് ഹോസ്ദുർഗ് കോട്ടയുടെ സംരക്ഷണ പ്രവൃത്തികൾ.<br><br>8. തക്കല പത്മനാഭപുരം കൊട്ടാരത്തിലെ ചുറ്റുമതിലുകളുടെയും, ഗേറ്റുകളുടെയും |

| | | | |
|---|---|---|---|
| | | | അറ്റകുറ്റപ്രവൃത്തികളും, ഫെൻസിംഗുകളുടെ ശക്തിപ്പെടുത്തലും.<br><br>9. തൃപ്പൂണിത്തുറയിലെ ഹിൽ പാലസ് മ്യൂസിയം സമുച്ചയത്തിലെ പൈതൃക നിർമിതികളുടെ സംരക്ഷണ പ്രവൃത്തികളും സന്ദർശക സൗകര്യങ്ങൾ ഒരുക്കലും.<br><br>10. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ പുനസ്സജ്ജീകരിക്കുന്ന തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരത്തിലെ പുരാവസ്തു മ്യൂസിയത്തിന്റെ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.<br><br>11. കണ്ണൂർ ജില്ലയിലെ ചെമ്പന്തൊട്ടിയിൽ സജ്ജീകരിക്കുന്ന ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക കുടിയേറ്റ മ്യൂസിയത്തിന്റെ പ്രവൃത്തികൾ നിലവിൽ പുരോഗമിക്കുകയാണ്.<br><br>12. ചാലക്കുടിയിൽ ട്രാംവേ മ്യൂസിയം സജ്ജീകരിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റ പ്രവൃത്തികൾ പൂർത്തിയായിട്ടുള്ളതും മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നതുമാണ്. |
| (ബി) | മാവേലിക്കരയിലെ ബുദ്ധ പ്രതിമ സംരക്ഷിക്കുന്നതിനും പ്രദേശത്ത് ലൈറ്റുകൾ സ്ഥാപിച്ച് പ്രകാശപൂരിതമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | മാവേലിക്കരയിലെ ബുദ്ധമണ്ഡപം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ആയതിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ് പുരാവസ്തു വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. സംരക്ഷിത സ്മാരക പ്രദേശത്തിന് പുറത്തുള്ള വെളിച്ച സംവിധാനം നിർവഹിക്കുന്നത് പുരാവസ്തു വകുപ്പിന്റെ പരിധിയിൽ വരുന്ന വിഷയമല്ല. |
| (സി) | മാവേലിക്കര മണ്ഡപത്തിൻകടവിലെ കൽമണ്ഡപം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (സി) | കരിങ്കല്ലിൽ നിർമ്മിച്ചിരുന്ന മാവേലിക്കര മണ്ഡപത്തിൻകടവിലെ കൽമണ്ഡപം ധാരാളം പുനരുദ്ധാരണ നവീകരണ പ്രവൃത്തികൾക്ക് വിധേയമായി അതിന്റെ പുരാവസ്തു പ്രാധാന്യവും പഴമയും നഷ്ടപ്പെട്ട അവസ്ഥയിലാണുള്ളത്. ആയതിനാൽ മണ്ഡപത്തിൻകടവിലെ കൽമണ്ഡപം സംരക്ഷിതസ്മാരകമാക്കുന്നതിന് യോഗ്യമല്ല. |

സെക്ഷൻ ഓഫീസർ